**Athmaraksha.org**

ലേഖനം - അനുഭവം, സാക്ഷ്യം

## മുന്തിരിത്തോപ്പുകൾ ദൈവം വെട്ടിയൊരുക്കുന്നതെന്തിന്?




ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോഴും കഷ്ടപ്പാടുകൾ തുടർച്ചയായി നേരിടേണ്ടി വരുമ്പോഴും ദൈവം നമ്മെ ഉറ്റുനോക്കിയിരിക്കുന്നുവെന്ന് നാം അറിയണം. അങ്ങനെ ബോധ്യപ്പെടുന്ന വ്യക്തിക്ക് നിരാശത ഒരിക്കലും അനുഭവപ്പെടുകയില്ല. എന്നാൽ ദൈവസാന്നിധ്യബോ ധ്യം ഇല്ലാത്തവർ പരാജയങ്ങളെ ദൈവശിക്ഷയായി കാണുകയും ദൈവാശ്രയബോധ്യത്തിൽ നിന്ന് പിന്തിരിയുകയും ചെയ്യും. ജീവിതം സ്വയം നശിപ്പിക്കുവാനുള്ള ആഗ്രഹവും വർദ്ധിക്കും. ജീവിതം വ്യർത്ഥമല്ലെന്നുള്ള ചിന്ത മനസിൽ അങ്കുരിപ്പിക്കുന്നത് ശക്തമായ പ്രാർത്ഥനാവബോധമാണെന്ന് നോമ്പിന്റെ ഈ ആദ്യ ഞായറാഴ്ച തിരിച്ചറിയുക.

നിമിൽ എന്ന പെൺകുട്ടി. വർണങ്ങളെയും വസന്തങ്ങളെയും സ്നേഹിച്ചവൾ. ഒരു ചിത്രശലഭത്തെപ്പോലെ പാറിപ്പറന്നവൾ. സ്വപ്നങ്ങളുടെ തേരിലേറി ഭാവിയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടുകൾ നെയ്തുകൂട്ടിയവൾ. എന്നാൽ, എല്ലാ സ്വപ്നങ്ങളെയും തകർത്തെറിഞ്ഞുകൊണ്ട് ജീവിതത്തിൽ ദുരന്തത്തിന്റെ കരിനിഴൽ കടന്നുവന്നത് അപ്രതീക്ഷിതമായിട്ടായിരുന്നു. 13 വർഷം മുമ്പായിരുന്നു ദുരന്തം അവളെ വേട്ടയാടിയത്. പ്ലസ്ടു ക്ലാസിൽ പഠിക്കുമ്പോൾ നിസാരമായ പനിയായിരുന്നു തുടക്കം. ഉടൻതന്നെ ഡോക്ടറുടെ അടുത്തെത്തി. ഡോക്ടറുടെ നിർദേശപ്രകാരം ഇൻജക്ഷൻ എടുത്തപ്പോൾ മരുന്ന് മാറിപ്പോയിരുന്നു. ആരോഗ്യവതിയായിരുന്ന അവൾ മണിക്കൂറുകൾക്കുള്ളിൽ നട്ടെല്ലിന് തളർച്ച ബാധിച്ച് ശയ്യാവലംബിയായി. എങ്കിലും ഏതാനും ദിവസത്തിനുള്ളിൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങാം എന്ന പ്രതീക്ഷ അവൾക്ക് ധൈര്യം പകർന്നു. നാളുകൾ കടന്നുപൊയ്ക്കൊണ്ടേയിരുന്നു. അവളുടെ ആരോഗ്യം ഒട്ടും മെച്ചപ്പെടുന്ന ലക്ഷണം കണ്ടില്ല.

പഠിക്കണമെന്നും ഉയരങ്ങളിലെത്തണമെന്നും സ്വപ്നം കണ്ടു നടന്ന നിമിലിന് ഇത് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. മികച്ച ഒരു ഫാഷൻ ഡിസൈനറായി തിളങ്ങുക, നിമിലിന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. പിന്നീട് ചികിത്സകൾ വളരെ കാര്യമായി നടന്നു. പ്രശസ്തമായ ആശുപത്രികളിലെ വിദഗ്ധ ചികിത്സകൾ അവൾക്ക് തെല്ലും ആശ്വാസം പകർന്നില്ല. പഠിക്കാൻ പറ്റുന്നില്ലല്ലോ എന്ന ചിന്തയും ഇനിയൊരിക്കലും നടക്കാനാവില്ല എന്ന

ചിന്തയും നിമിലിനെ തളർത്തി. അവളുടെ ഹൃദയത്തിൽനിന്നും ലോകത്തിന്റേതായ പ്രതീക്ഷകൾ അസ്തമിച്ചു തുടങ്ങി. പക്ഷേ ആ നാളുകളിൽ അവളുടെ ഹൃദയാന്തരത്തിൽ മറ്റൊരു സൂര്യൻ ഉദിച്ചു. ചരിത്രപുരുഷനായ ക്രിസ്തുവിന്റെ സ്നേഹപ്രകാശം നിമിലിന്റെ ജീവിതത്തിലേക്ക് പതിച്ചു. ആ ദിവ്യപ്രകാശധാരയിൽ അവൾ എല്ലാം മറന്നു. പ്രത്യാശയുടെ ഒളിമങ്ങാത്ത കിരണങ്ങൾ ജീവിതത്തെ രൂപാന്തരപ്പെടുത്തി. ക്രിസ്തുസ്നേഹത്താൽ നിറഞ്ഞ് പ്രകാശം പരത്തുന്ന നിമിൽ ഓഫ് ജീസസ് (യേശുവിന്റെ നിമിൽ) ആയി രൂപാന്തരപ്പെട്ടു. ഇന്ന് തന്നെ സമീപിക്കുന്ന അനേകായിരങ്ങൾക്ക് പ്രത്യാശയും സന്തോഷവും പ്രദാനം ചെയ്യുന്ന വ്യക്തിയാണ് നിമിൽ.

കട്ടപ്പനയ്ക്കടുത്ത് കൊച്ചു തോവാള സെന്റ് ജോസഫ് ഇടവകാംഗങ്ങളായ കാവിൽപുരയിടത്തിൽ സെബാസ്റ്റ്യൻ – റോസമ്മ ദമ്പതികളുടെ മകളാണ് നിമിൽ. പ്രാർത്ഥനാപൂർണമായ അന്തരീക്ഷത്തിൽ വളർന്നുവന്ന വ്യക്തികൂടിയാണ് നിമിൽ. അതുകൊണ്ടുതന്നെയായിരിക്കാം കർത്താവ് അവളെ ആഴമായി സ്നേഹിച്ചത്. സഹനത്തിന്റെ വഴികളിലൂടെ മുന്നേറുവാൻ കർത്താവ് അവൾക്ക് കൃപ നൽകി. സഹനത്തെ സ്നേഹത്തോടെ സ്വീകരിക്കാൻ കഴിയുക എന്നത് ചെറിയ കാര്യമല്ല. ദൈവസ്നേഹത്താൽ നിറഞ്ഞാൽ മാത്രമേ ഇതു സാധിക്കു. ഇതിനോടകം പത്ത് ഓപ്പറേഷനുകൾക്ക് വിധേയയായ നിമിൽ സഹനത്തിന്റെ ആഴങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. കാഴ്ചയിൽ വലിയ അസുഖമൊന്നും തോന്നുകയില്ല. എന്നാൽ പല സമയങ്ങളിലും അതികഠിനമായ വേദനകൾ അവളെ അലട്ടിക്കൊണ്ടിരിക്കുന്നു.

എല്ലാ വേദനകളും അവൾ കർത്താവിന് സമർപ്പിക്കുന്നു. ലോകത്തിന്റെ പാപ പരിഹാരത്തിനായും തന്നെ സമീപിക്കുന്നവരുടെ ആത്മീയവും ഭൗതികവുമായ നന്മയ്ക്കുംവേണ്ടി തന്നെത്തന്നെ ഒരു സ്നേഹയാഗമായി അവൾ ദൈവപിതാവിന് സമർപ്പിക്കുന്നു. അവളുടെ പ്രാർത്ഥന വഴിയായി അനേക ജീവിതങ്ങൾ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. സഹനത്തിന്റെ തീച്ചൂളയിലും പ്രത്യാശയോടും സന്തോഷത്തോടുംകൂടി എല്ലാവരോടും സംസാരിക്കുന്നതുതന്നെ അനേകരെ അത്ഭുതപ്പെടുത്തുകയും മാനസാന്തരത്തിലേക്ക് നയിക്കുകയും ചെയ്തിട്ടുണ്ട്. തന്നെക്കാൾ കഷ്ടത അനുഭവിക്കുന്നവരെ കർത്താവ് പല അവസരങ്ങളിലും അവൾക്ക് നേരിട്ട് കാണിച്ചുകൊടുത്തു. ഉയരങ്ങളിലുള്ളവരെക്കാൾ താഴെയുള്ളവരെ നോക്കുമ്പോൾ നമുക്ക് പ്രത്യാശ താനേ ഉണ്ടാകുമെന്നാണ് നിമിൽ പറയുന്നത്. ലോകത്ത് നമ്മെക്കാൾ ദുരിതമനുഭവിക്കുന്നവർ ഉണ്ടെന്ന് മനസിലാകുമ്പോൾ ദൈവം നമ്മെ കരുതുന്നുവെന്ന തിരിച്ചറിവ് ലഭിക്കും.

ഈശോയ്ക്കുവേണ്ടി താൻ ജീവിക്കും എന്ന ബോധ്യം ലഭിച്ചപ്പോൾ ഭൗതികമായ എല്ലാത്തിനെയും അവൾ ഉപേക്ഷിച്ചു. രോഗാവസ്ഥയിലും പഠിക്കണമെന്ന ചിന്ത അവൾക്കുണ്ടായിരുന്നു. ലോകത്തിന്റേതായ അറിവുകൾക്കുവേണ്ടിയുള്ള ദാഹം നശിച്ചപ്പോൾ ദൈവികജ്ഞാനം നിറയാൻ തുടങ്ങി. തന്റെ കഴിവുകളും പരിമിതികളും ദൈവിക പദ്ധതികൾക്ക് തടസമല്ലെന്ന് നിമിൽ മനസിലാക്കി.

ഒരിക്കൽ നിമിലിന് ശാരീരികമായ അസ്വസ്ഥതകൾ വർധിച്ചു. അക്കാലത്ത് ഭക്ഷണം കഴിക്കാൻ പറ്റാതെ വന്നു. വലിയൊരു അത്ഭുതത്തിന് ഈ അവസ്ഥ നിമിത്തമായി. എല്ലാ ദിവസവും തൊട്ടടുത്തുള്ള ദേവാലയത്തിൽനിന്നും വൈദികൻ വിശുദ്ധ കുർബാന നൽകാൻ എത്തി. വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ യാതൊരു വേദനയും ഉണ്ടാകാറില്ല. മറ്റു ഭക്ഷണങ്ങൾ അക്കാലത്ത് കഴിക്കാൻ സാധിക്കുമായിരുന്നില്ല. അങ്ങനെ നീണ്ട 11 മാസം വിശുദ്ധ കുർബാന മാത്രം ഭക്ഷിച്ച് ഈ പെൺകുട്ടി ജീവിച്ചു. ഏതെങ്കിലും ദിവസം കുർബാന ലഭിക്കാൻ വൈകിയാൽ മുഖത്ത് ക്ഷീണം ദൃശ്യമായിരുന്നു. എന്നാൽ വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ സാധാരണ വ്യക്തികളെക്കാൾ മുഖത്ത് പ്രകാശവും പ്രസരിപ്പും ദൃശ്യമായിരുന്നു. ഒരു ഗ്രാം ഭാരമുള്ള തിരുവോസ്തിയും അല്പം തിരുരക്തവുംകൊണ്ട് ഒരു വർഷത്തോളം ജീവിക്കുക എന്ന ദിവ്യകാരുണ്യ അത്ഭുതമാണ് ഇവിടെ സംഭവിച്ചത്. ഇത് നിമിലിന്റെ സഹനജീവിതത്തിന് കർത്താവ് നൽകിയ പ്രോത്സാഹന സമ്മാനമായിരുന്നു. കൂടുതൽ സഹനങ്ങളെ ധൈര്യപൂർവം സ്വീകരിക്കാൻ നിമിലിന് ഈ കാലഘട്ടം ഉപകരിച്ചു.

ആ നാളുകളിൽ പരിശോധനയിൽ ബ്ലഡ് കൗണ്ട് കുറവാണെന്ന് മനസിലായി. നാലുകുപ്പി രക്തം ശരീരത്തിൽ കയറ്റണമെന്ന് ഡോക്ടർമാർ നിർദേശിച്ചു. അപ്പോൾ നിമിൽ പ്രാർത്ഥിച്ചു. 'ദിവസവും ഞാൻ സ്വീകരിക്കുന്ന തിരുരക്തത്തിന്റെ ശക്തിയാൽ രക്തത്തിന്റെ അളവിനും രക്തത്തിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾക്കും കുറവുണ്ടാകാതെ നിന്റെ മഹത്വം പ്രകടിപ്പിക്കണമേ' എന്ന്. തിരുവോസ്തിയുടെ ഒപ്പമുള്ള ഒരു തുള്ളി രക്തത്താൽ എന്റെ ശരീരത്തിന്റെ എല്ലാ കുറവുകളെയും നികത്തണമേ എന്നുള്ള അവളുടെ നിഷ്കളങ്കവും ആത്മാർത്ഥവുമായ പ്രാർത്ഥന മറ്റൊരു അത്ഭുതത്തിന് കാരണമായി. രണ്ടാമത് പരിശോധിച്ചപ്പോൾ അവളുടെ ശരീരത്തിൽ ആവശ്യത്തിന് രക്തവും രക്തത്തിലെ ഘടകപദാർത്ഥങ്ങളും ഉണ്ടെന്ന് ഡോക്ടർമാർ കണ്ടെത്തി.

2002 ജൂൺ പത്തിന് ആരംഭിച്ച നിമിലിന്റെ സഹനജീവിതം ഇന്ന് 13 വർഷങ്ങൾ പിന്നിട്ട് പക്വതയാർന്ന് മുന്നോട്ടുപോകുന്നു. 30 വയസുള്ള നിമിലിന് ഏറ്റവും സന്തോഷം പകരുന്നത് മാതാപിതാക്കളുടെ സ്നേഹത്തോടെയുള്ള ശുശ്രൂഷയാണ്. മറ്റൊരാളുടെ സഹായം കൂടാതെ യാതൊന്നും ചെയ്യാൻ അവൾക്കാവില്ല. എങ്കിലും, തന്റെ ഭൗതിക ആവശ്യങ്ങൾക്ക് യാതൊരു മുടക്കവും ഇന്നോളം ഉണ്ടായിട്ടില്ല. നേരിട്ടും ഫോൺ വഴിയും ബന്ധപ്പെടുന്ന എല്ലാവർക്കും ആശ്വാസവും സാന്ത്വനവും അവൾ നൽകി വരുന്നു. അനേകർ ജീവിത തകർച്ചകളിൽനിന്നും ആത്മഹത്യയിൽനിന്നും മാനസികവ്യഥയിൽനിന്നും അപകർഷതാബോധത്തിൽ നിന്നുമെല്ലാം മോചനം പ്രാപിച്ചത് നിമിലിന്റെ പുഞ്ചിരിയും സൗമ്യവചസുകളും വഴിയാണ്. പുറമേ രോഗാവസ്ഥ ദൃശ്യമല്ലാത്തതിനാൽ മനോബലമില്ലാത്തതുകൊണ്ട് എഴുന്നേൽക്കാത്തതാണെന്നും എഴുന്നേൽക്കാൻ ശ്രമിക്കണമെന്നും ചിലരെങ്കിലും പറയാറുണ്ട്. സഹനമുളവാക്കുന്ന ഇത്തരം വാക്കുകളെ റോസപ്പൂക്കൾപോലെ ഈശോയ്ക്ക് സമർപ്പിക്കും. വാക്കുകളിൽ ഒതുക്കാൻ കഴിയാത്തതാണ് നിമിലും ഈശോയുമായുള്ള ബന്ധം. കാലത്തിന്റെ പൂർണതയിൽ അവ ലോകത്തിന് വെളിപ്പെടുമ്പോൾ ഈ വരികൾ ഒരു ആമുഖം മാത്രം.

ദൈവത്തിനുവേണ്ടിയുള്ള യഥാർത്ഥ സമർപ്പണത്തിന്റെ അഭാവം മൂലമാണ് ദൈവേഷ്ടം അന്വേഷിക്കുന്ന ഒരു മനസ്സ് നമുക്കില്ലാതെ പോകുന്നത്. ശരീരത്തിന്റെയും മനസ്സിന്റെയും ഇഷ്ടങ്ങളും മറ്റുള്ളവരുടെയും ലോകത്തിന്റെയും താല്പര്യങ്ങളുമാണ് എന്റെ ചിന്തകളെയും പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതെങ്കിൽ ഞാനിനിയും ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ ആരംഭിച്ചിട്ടില്ലെന്ന് ഈ നോമ്പ് ദിനത്തിലെ ഞായറാഴ്ച നിമിൽ നമ്മെ പഠിപ്പിക്കുന്നു. അതിനാൽ ദൈവത്തിൽ പ്രത്യാശ വെച്ച ദാവീദിനെപ്പോലെയും എല്ലാ പ്രതിസന്ധികളിലും ദൈവത്തിൽ അഭയം കണ്ടെത്തിയ ജോബിനെപ്പോലെയും ദൈവത്തിൽ മാത്രം ആശ്രയിച്ച് മുന്നോട്ട് പോകാൻ നമുക്ക് ശ്രമിക്കാം. ദൈവം അതിന് നമ്മെ സഹായിക്കട്ടെ...

കടപ്പാട്: in.sundayshalom.com